ചെറുകിട കച്ചവടാവശ്യത്തിനും തലച്ചുമടായി കച്ചവടം ചെയ്യുന്നവർക്കും 5,000 രൂപ വരെയുള്ളതുമായ ചെറുകിട വായ്പകൾ സ്വന്തം ജാമ്യത്തിൽ നൽകുന്ന പദ്ധതി നിലവിലുണ്ട്. 5,000 രൂപ വരെയുള്ള വായ്പകൾ പരമാവധി 2 ദിവസത്തിനകവും 10,000 രൂപ വരെയുള്ള വായ്പകൾ പരമാവധി 5 ദിവസത്തിനകവും അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ പ്രാഥമിക വായ്പാ സംഘങ്ങളും/ബാങ്കുകളും ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും ഈ പദ്ധതി നടപ്പിലാക്കുന്നതിൽ പങ്കാളികളാണ്.

കള്ള് സഹകരണ സംഘങ്ങൾ

78 (4069) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര കള്ള് സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സംഘങ്ങളിൽ കള്ള് വ്യവസായവുമായി ബന്ധപ്പെട്ട എത്ര കേസുകളാണ് നിലവിലുള്ളതെന്നും ആയത് ഏതൊക്കെ സംഘങ്ങളുടെ പേരിലാണെന്നും ഓരോ സംഘങ്ങൾക്കും ചുമത്തിയിരിക്കുന്ന കുറ്റങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 49 കള്ള് സഹകരണ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു.

(ബി) കള്ള് വ്യവസായവുമായി ബന്ധപ്പെട്ട് കോഴിക്കോട് താലൂക്ക് കള്ള് ചെത്ത് വ്യവസായ തൊഴിലാളി സഹകരണ സംഘം ലിമിറ്റഡ് നമ്പർ ഡി.2729-ന്റെ പേരിൽ 3 കേസുകൾ നിലവിലുണ്ട്. കള്ളിൽ ആൾക്കഹോളിന്റെ അംശം നിയമാനുസൃത അളവിനേക്കാൾ കൂടുതൽ ഉണ്ടെന്നാണ് ചുമത്തപ്പെട്ട കുറ്റം. കോടതി മുഖാന്തരം ബി സാമ്പിൾ ടെസ്റ്റ് ചെയ്ത് കിട്ടിയ റിപ്പോർട്ട് പ്രകാരം ആൾക്കഹോൾ അളവ് കൂടുതൽ ഇല്ല എന്ന് വ്യക്തമായതിനാൽ സംഘം കോടതിയിൽ കേസ് ഡിസ്ചാർജ് ചെയ്യുന്നതിന് ഹർജി ഫയൽ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly